# ഗൺ കൺട്രോൾ എന്ന പ്രഹസനം

വർഗീസ് ഏബ്രഹാം ഡെൻവർ

അമേരിക്കയിൽ ആദ്യമായല്ല ഒരു സ്കൂൾ ഷൂട്ടിംഗ് നടക്കുന്നത്. ആദ്യമായല്ല ഗൺ കൺട്രോൾ വേണമെന്നുള്ള പരിവേദനം മുഴങ്ങിക്കേൾക്കുന്നതും. ഈ പ്രശ്നത്തിനു ഒരു നിതാന്ത പരിഹാരം കാണണമെന്നുള്ള മുറവിളികൾ അതതു സമയങ്ങളിൽ പൊന്തിവരികയും പിന്നീട് ക്രമേണ കെട്ടടങ്ങുകയും ചെയ്യും. ഇനിയും ഗൺ കൺട്രോളിനെ പറ്റി കേൾക്കണമെങ്കിൽ വീണ്ടും ഒരു സ്കൂൾ വെടി വയ്പു കൂടി ഉണ്ടാകണം.

ഗണ്ണിനൊരു നിയന്ത്രണം വേണമെന്നുള്ളത് അവശ്യം അത്യാവശ്യമായ ഒരു കാര്യമാണ്. റിപ്പബ്ലിക്കൻ പാർട്ടി ഭരിക്കുമ്പോഴും ഡെമോക്രാറ്റിക് പാർട്ടി ഭരിച്ചപ്പോഴും ഇത്തരം ഷൂട്ടിംഗുകൾ നടന്നിട്ടുണ്ട്. അന്നും, ഇന്നും വൈറ്റ്ഹൗസിന്റെ താഴികക്കുടത്തിനകത്തെ കറങ്ങുന്ന കസേരയിൽ ഇരുന്നുകൊണ്ടു രണ്ടു പാർട്ടിക്കാരും മേശപ്പുറത്തു ആഞ്ഞടിച്ചു ഘോരഘോരം വാഗ്വാദങ്ങളും, പ്രസംഗങ്ങളും നടത്തിയിട്ടുണ്ട്. ഇപ്പോഴും നടത്തിക്കൊണ്ടേയിരിക്കുന്നു. അന്നും, ഇന്നും അച്ചടി മാദ്ധ്യമങ്ങളും, ദൃശ്യമാദ്ധ്യമങ്ങളും വെണ്ടയ്ക്കാ അക്ഷരത്തിൽ അച്ചടിയ്ക്കുകയോ, പ്രക്ഷേപണം ചെയ്യുകയോ ചെയ്തിട്ടുമുണ്ട്. എന്നിട്ടെന്തുണ്ടായി? വീണ്ടും, വീണ്ടും വെടി വയ്പ്- ബാറുകളിൽ വെടി വയ്പ്,, ജോലി സ്ഥലങ്ങളിൽ വെടി വയ്പ്.., സ്കൂളുകളിൽ വെടി വയ്പ്..., പള്ളികളിൽ(?) വെടിവയ്പ്...

അമേരിക്കക്കാരനു തോക്ക് എന്നു പറഞ്ഞാൽ ഒരു ഹരമാണ്. ഒരു പ്രത്യേക പാർട്ടിയിൽപ്പെട്ടതു കൊണ്ടുമാത്രം ആ ഹരത്തിനു ഒരു കുറവും സംഭവിക്കുന്നില്ല. അവരുടെ ഒരു വയസുള്ള കുട്ടിക്ക് ജന്മദിനത്തിൽ സമ്മാനമായി കൊടുക്കുന്നതും ഒരു കളിത്തോക്കായിരിക്കും. അവൻ അപ്പന്റെയും, അമ്മയുടെയും നെഞ്ചത്തുതന്നെ വെടി വച്ചു പഠിക്കുന്നു. 'വെടിയേറ്റ' അപ്പനും, അമ്മയും 'മരിച്ചു' വീഴുന്നു. അമേരിക്കയിലെ 'ബേബീസിറ്ററായ' റ്റീവിയുടെ മുമ്പിൽ ഒരു ബോൾ സീരിയലുമിട്ടു കൊടുത്തിട്ട് അത് ഓണാക്കി കൊടുക്കുന്നു. റ്റീവി ഓണാവുമ്പോൾ ഈ ഒരു വയസ്സുകാരൻ കാണുന്നത് 'കോനാൻ ദ ബാർബേറിയൻ' മെഷീൻ ഗണ്ണുകൊണ്ട് മനുഷ്യനെ വെടി വെച്ചു വീഴ്ത്തുന്നതാണ്, രക്തം നാലു ദിക്കിലും ചീറ്റുന്നതാണ്, ശരീരഭാഗങ്ങൾ പൊട്ടിച്ചിതറുന്നതാണ്. നാഷണൽ ന്യൂസിൽ കാണുന്നത് അതതു സമൂഹങ്ങളിലെ വെടിവെട്പിന്റെ ചിത്രങ്ങൾ, മൂവി തീയേറ്ററിൽ കാണുന്നതും വെടിവെയ്പിന്റെ കഥകൾ!...

തോക്കും, സെക്സും, എന്റർടെയ്ൻമെൻസും ഇല്ലെങ്കിൽ പിന്നെന്തു ജീവിതം? അതാണ് ഇന്നു പലരുടെയും ജീവിതരീതി. ഈ അന്തരീക്ഷത്തിൽ വളർന്നുവരുന്നതായ ചെറുസമൂഹത്തിന്റെ പ്രജ്ഞ എന്നെന്നേക്കുമായ് അവർക്കു കൈമോശം വന്നപോലെ. ആരാണിതിനൊക്കെയും ഉത്തരവാദി? അമേരിക്കയിലെ നല്ലൊരു ശതമാനം കുടുംബങ്ങളും കുടുംബഭദ്രതയില്ലാത്തവയാണ്. 'ഡിസ്ഫംഗ്ഷണൽ ഫാമിലി' എന്നോ മറ്റോ ഇംഗ്ലീഷിൽ പറയാം. നേരം പുലർന്നെണീറ്റു വരുമ്പോൾ നല്ലൊരു ശതമാനം കുട്ടികൾക്കും ഡാഡീ എന്നു വിളിയ്ക്കാൻ അപ്പനില്ലവിടെ. അവനു ഡാഡി എന്നുള്ളതു വെറുമൊരു സങ്കല്പം മാത്രം. താങ്ക്സ് ഗിവിംഗിനും, ക്രിസ്മസിനും മാത്രം കാണുന്നതല്ലല്ലോ ഡാഡി എന്ന പ്രതിരൂപം?

കിച്ചൻകത്തി, റേസർ ബ്ലേഡ് എന്നിവയ്ക്കൊക്കെയും അതാതിന്റെ ആവശ്യങ്ങളും, ഉപയോഗങ്ങളുമുണ്ട്. അതു വേണ്ടിടത്തു വേണ്ടപോലെ ഉപയോഗിച്ചില്ലെങ്കിൽ ആപത്തുവിളിച്ചു വരുത്തും. അതുകൊണ്ട് കത്തിയോ, ബ്ലേഡോ നിരോധിക്കണമെന്നാണോ? തോക്കിനും അതിന്റേതായ ഉപയോഗമുണ്ട്. യുദ്ധമുന്നണിയിൽ ജീവനും കയ്യിൽപിടിച്ചുകൊണ്ടു ഐസിസുമായി മല്ലിടുന്ന നമ്മുടെ ഭടന്മാരോടു ചോദിക്കൂ തോക്കിന്റെ ആവശ്യം എന്തെന്ന്.

ഇനിയും മറ്റൊരു വശം. ഇവിടെ സെക്കന്റമൻമെൻസ് എന്നൊരു നിയമമുണ്ട്. സ്വയരക്ഷയ്ക്കു പ്രായപൂർത്തിയായ ആർക്കും ഗൺവാങ്ങാം, സൂക്ഷിക്കാം, ആപത്ഘട്ടങ്ങളിൽ സ്വയരക്ഷയ്ക്കുപയോഗിക്കുകയും ചെയ്യാം. എങ്കിലും ഇവിടെയെല്ലാം വീണ്ടും അതിനു നിയന്ത്രണങ്ങളും, നിബന്ധനകളുമുണ്ട്, അതു പാലിക്കപ്പെടേണ്ടതായിട്ടുണ്ട്. പ്രസിഡന്റോ ആർമി തലവനോ ഒരു സുപ്രഭാതത്തിൽ ഒരു ഡിക്റ്റേറ്റർ ആയി മാറിയാൽ ജനങ്ങളുടെ സ്വരക്ഷയ്ക്കായി, ഗൺ കയ്യിലെടുക്കാൻ ഇവരുടെ അപ്പൂപ്പന്മാർ പണ്ടുകാലത്തു എഴുതി വച്ച ഒരു നിയമം. ഗൺ കൺട്രോളിനു വേണ്ടി വാദിക്കുന്ന ഈ രാഷ്ട്രീയക്കാരുടെ വീടുകളിലും കാണും മൂന്നും, നാലും ഗണ്ണുകൾ. തോക്കു കൈവശം വയ്ക്കുക എന്നുള്ളതു ഇവരുടെ സംസ്ക്കാരങ്ങളുടെ, ആചാരങ്ങളുടെ, അവകാശങ്ങളുടെ ഒരു ഭാഗമാണ്. ഈ തോക്കുകൾ കൂടുതലായും ഡിസ്ഫംഗ്ഷണലായ കുടുംബങ്ങളുടെ അലമാരകളിലും ഉണ്ട് എന്നുള്ളതും പരിതാപകരമായ ഒരു അവസ്ഥയാണ്.

NRA-യുടെ നക്കാപ്പിച്ച മേശക്കടിയിൽ കൂടെ യാതൊരു ഉളുപ്പും ഇല്ലാതെ പ്രത്യക്ഷമായോ, പരോക്ഷമായോ കൈ നീട്ടി വാങ്ങുന്നവരാണു രണ്ടു പാർട്ടികളിലുംപെട്ട നല്ലൊരു ശതമാനവും. ഇതൊരു നഗ്നസത്യമെന്നു മാത്രമല്ല, ഒരു ദുഃഖസത്യം കൂടെയാണ്. അത്രമാത്രം ശക്തമായ ഒരു ലോബിയാണ് NRA. അവരും ഒരു മൂന്നാംകിട പാർട്ടിയാണ്. തോക്കു കൈവശം വയ്ക്കുന്നതു അതതു പാർട്ടികൾ എന്ന പ്രശ്നമല്ലിവിടുദിക്കുന്നത്, പ്രത്യുത അമേരിക്കൻ പൗരൻ എന്നതാണ് പ്രധാന ഘടകം. തത്പര പാർട്ടികളുടെയെല്ലാം ചന്ദ്രഹാസം മുഴക്കൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ മാത്രം. പൊതുജനം കഴുതയാണെന്നല്ലേ പണ്ടാരോ ബുദ്ധിയുള്ളവൻ പറഞ്ഞത്?

ഇനിയും ഒരു പൂർണ്ണ ഗൺ കൺട്രോൾ തന്നെ വന്നാൽ അതു ഗൺപ്രേമികളായ ഉപഭോക്താക്കളെ ബാധിക്കും, ഗൺ ഉണ്ടാക്കുന്ന കമ്പിനികളെ ബാധിക്കും, സ്റ്റോക്ക് മാർക്കറ്റിനെ ബാധിക്കും... ഒരു കാലത്തു ഹിറ്റ്ലർ എല്ലാവരുടെയും ഗൺ പിടിച്ചു വാങ്ങിയതായി പറയപ്പെടുന്നു. എന്നിട്ടെന്തുണ്ടായി എന്നു ചരിത്രം പറയുന്നു. കഴിഞ്ഞ കാലങ്ങളിൽ ഒരു അഡ്മിൻസ്ട്രേഷൻ എല്ലാവരിൽ നിന്നും ഗൺ പിടിച്ചെടുക്കാൻ ഒരു വിഫലശ്രമം നടത്തിയോ എന്ന് ഈയുള്ളവനൊരു ചെറിയ സംശയം!... ചിലപ്പോൾ ഈ ലേഖകന്റെ തെറ്റായ വെറുമൊരു സംശയം മാത്രമായിരിക്കും.

അഥവാ ഗൺ എല്ലാവരിൽ നിന്നും പിടിച്ചെടുത്തു നിരായുധരാക്കിയാലും കഴിഞ്ഞകാലങ്ങളിലെ പോലെയോ അതിലും തീവ്രതയുള്ളതോ ആയ കുറ്റകൃത്യങ്ങൾ കുറയാൻ പോവുന്നില്ല. കഴിഞ്ഞകാലങ്ങളെക്കാളും കുറ്റകൃത്യങ്ങൾ കൂടി വരുന്നതായ ഒരു കാലയളവിലാണ് നാമിന്നു ജീവിക്കുന്നത്. ഗണ്ണിന്റെ പ്രയോഗമില്ലാതെ എത്രയോ രീതികളിൽ ഭീകരക്രൂരകൃത്യങ്ങൾ ചെയ്യാം. ഗൺ അധികമില്ലാത്ത ദൈവത്തിന്റെ സ്വന്തം നാടായ കൊച്ചുകേരളത്തിൽ ഇന്നു നടക്കുന്നതു നോക്കൂ... ജനങ്ങൾക്കോ, ഗവൺമെന്റിനോ ഒന്നും ചെയ്യാൻ വയ്യാതെ ഗുണ്ടകൾ എന്ന പരാദ

ങ്ങൾ അഴിഞ്ഞാടുന്ന ഒരവസ്ഥ. പാവം ജനം രണ്ടുകയ്യും കെട്ടി നിസ്സഹായരായി ആകാശത്തേക്കു നോക്കി കണ്ണുംനട്ടു നിൽക്കുന്ന അവസ്ഥ. സ്വർഗ്ഗമാണ് (ദൈവത്തിന്റെ സ്വന്തം നാട്) എന്നു പറ ഞ്ഞിട്ടെന്നതു ഫലം? പാവപ്പെട്ടവനിൽ നിന്നും മറ്റും വായ്പാ കുടിശിക പിരിക്കുവാൻ ക്വൊട്ടേഷൻ സംഘങ്ങളെ അനുവദിക്കുന്ന ഈ ഗുണ്ടാനിയമം (കേന്ദ്ര ഗവഃനിയമം), നിയമം കയ്യിലെടുക്കുന്ന തിനു തുല്യമാണ്.

ഗൺകൺട്രോൾ വന്നിട്ടെന്തു ഫലം? പിന്നെയും കേൾക്കാം സ്കൂളിൽ വെടിവെയ്പ് എന്ന്. കാരണം വിശാലമായി തുറന്നുകിടക്കുന്ന സതേൺ ബോഡറിൽ നിന്നും, കനേഡിയൻ ബോഡ റിൽ നിന്നും ഇലീഗൽ ഗണ്ണിന്റെ നിലയ്ക്കാത്ത ഒരു പ്രവാഹം തന്നെയുണ്ടാവും. അമേരിക്കയുടെ യുവതലമുറയ്ക്കു ഇന്നു ആവശ്യം അത്യാവശ്യം വേണ്ട 'ഡ്രഗ്സിന്റെ' പ്രഭവവും, പ്രവാഹവും എവിടെ നിന്ന്??? "പത്തായത്തിൽ നെല്ലുണ്ടെങ്കിൽ എലി അങ്ങു വയനാട്ടിൽ നിന്നും വരും" എന്നല്ലെ പഴഞ്ചൊല്ല്?

അമേരിക്കയിൽ നിയമങ്ങളുടെ കുറവുകൊണ്ടാണോ വീണ്ടും, വീണ്ടും ഇത്യാദി സംഭവ ങ്ങൾ അരങ്ങേറുന്നത് ? നിയമങ്ങളുടെ സംഖ്യ കൂടുമ്പോൾ നിയമലംഘനങ്ങളുടെ സംഖ്യയും അതേ അനുപാതത്തിൽ കൂടുകയാണ്. അല്ലെങ്കിൽ പിന്നെ അമേരിക്കയിൽ ഇത്രമാത്രം ലോയേഴ്സ് എന്തിനാണ്?

വിവിധ തരം തോക്കുകളുടെ സുലഭമായ ലഭ്യത, നിയമങ്ങൾക്കു യാതൊരു വിലയും കല്പി ക്കാത്ത സമൂഹം, കുടുംബങ്ങളിലെ അരക്ഷിതാവസ്ഥ, ജാതീയമായും, വർഗ്ഗീയമായും, സാമ്പ ത്തീകവുമായുള്ള അന്തരങ്ങൾ, ഭാവിയെപ്പറ്റിയുള്ള ആകുലത, സ്കൂളുകളിൽ കുട്ടികൾ അനുഭ വിക്കുന്ന ബുള്ളിയിംഗ്, നിയന്ത്രിക്കാൻ മേലാത്ത രോഷം, കുടുംബങ്ങളിൽ മാതാപിതാക്കളുടെ അഭാവം, ഇങ്ങനെ അനേകം ഘടകങ്ങൾ ഈ വക കുറ്റകൃത്യങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരുണത്തിൽ രണ്ടായിരത്തിഒന്ന് സെപ്തംബർ പതിനൊന്ന് സംഭവത്തിനു ശേഷമുള്ള തലമുറ യുടെ മാനസീകാവസ്ഥ ഒരു ഗവേഷണപഠന വിഷയമാക്കുന്നതു നന്നായിരിക്കും.

മനുഷ്യന്റെ ചിന്താഗതിയിൽ, സംസ്ക്കാരത്തിൽ നൂതനമായ ഒരു മാറ്റമുണ്ടാവാത്തിടത്തോളം കാലം ഈ പരമ്പര തുടർന്നുകൊണ്ടേയിരിക്കും. അല്പം മനുഷ്യത്വവും, സഹിഷ്ണുതയും മനു ഷ്യഹൃദയങ്ങളിൽ ഉണ്ടാവുന്നില്ലെങ്കിൽ വേറിട്ടൊരു ഫലം കാണാൻ പ്രയാസമാണ്.

വെറുമൊരു AR-15 ഗൺ നിരോധിച്ചതുകൊണ്ടോ, ഗൺകൈവശം വയ്ക്കാനുള്ള പ്രായ പരിധി പതിനെട്ടിൽ നിന്നും ഇരുപത്തിയൊന്നിലേക്കു മാറ്റിയതുകൊണ്ടോ ഈ പ്രശ്നം ഇവിടെ തീരുന്നില്ല. ഇവിടെ പ്രശ്നം ഗുരുതരമാണ്, കാര്യം അത്ര നിസ്സാരവുമല്ല.

*********